(ബി, സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ചെമ്മീൻ പരിപ്പു വ്യവസായം.

* 758. [51] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മീൻപരിപ്പു വ്യവസായത്തിൽ ബർമ്മാ ഗവണ്മെന്റിന്റെ ഓപ്പൺ ജനറൽ ലൈസൻസ് സമ്പ്രദായം നിറുത്തൽചെയ്തതുകൊണ്ടുള്ള വിഷമതകളെ പരിഹരിക്കുന്നതിന് കേന്ദ്രഗവണ്മെന്റുമായി നടത്തിയ എഴുത്തുകുത്തിന്റെ ഫലം എന്താണ് ;

(ബി) ചെമ്മീൻപരിപ്പിന്റെ ക്രമാതീതമായ വിലയിടിവിനുള്ള കാരണങ്ങളെപ്പറ്റി ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റ് ബർമ്മാ ഗവണ്മെന്റുമായി നടത്തിയ ആലോചനകളുടെ ഫലമായി ഏതാനും ബർമ്മാകച്ചവടക്കാർക്ക് ലൈസൻസുകൊടുത്തു ചെമ്മീൻ ഇറക്കുമതിചെയ്യാമെന്ന് ബർമ്മാഗവണ്മെന്റ് ഏറ്റിട്ടുണ്ട്. എന്നാൽ ഇതു് ഒരു താൽക്കാലിക നടപടിമാത്രമാണ്. മുൻപിലത്തെപ്പോലെ ചെമ്മീൻപരുപ്പ് ഓ. ജി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ബർമ്മാഗവണ്മെന്റ് തയാറാകുന്ന ലക്ഷണം കാണുന്നില്ല. ഇൻഡ്യാഗവണ്മെന്റ് ബർമ്മാ ഗവണ്മെന്റിനെ ഇക്കാര്യത്തിൽ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഇവിടത്തെ ചെമ്മീൻപരിപ്പ് വ്യാപാരത്തിനു് പൂർവ്വദേശങ്ങളായ സിംഗപ്പൂർ, ഹോംകോങ്ങ് മുതലായ സ്ഥലങ്ങളിൽ വിപണി കണ്ടുപിടിക്കുന്നതിനു് ഇൻഡ്യാഗവണ്മെന്റ് വേണ്ട എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലം അറിവായിട്ടില്ല.

(ബി) ഓപ്പൺ ജനറൽ ലൈസൻസ് അനുസരിച്ചു് ബർമ്മായിലേയ്ക്കു ചെമ്മീൻ കയറുമതിചെയ്യുന്നതിനു് സാധിക്കാതെവന്നതാണ്, ഇവിടത്തെ ചെമ്മീൻപരിപ്പിന്റെ വിലയിടിവിനുള്ള പ്രധാനകാരണമെന്നാണ് ഗവണ്മെന്റ് കരുതുന്നതു്.

Indo-Mercantile Bank Ltd.

* 759. [53] SHRI J A. BHAT : Will the Chief Minister be pleased to state:

(a) what is the amount the Travancore-Cochin Government has advanced to the Indo-Mercantile Bank ;

(b) what is the loss sustained by the Bank in the years 1952, 1953 and 1954;

(c) what control the Travancore-Cochin Government has in the management of the bank ;

(d) if there is loss, has the Government investigated into the causes of the loss in the working of that bank ; and

LIBRARY ARCHIVES Kerala Legislative Assembly